**ഭരണഭാഷ-മാതൃഭാഷ**

എഡി(3)1702/12

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്
വികാസ് ഭവൻ പി.ഒ
പോസ്റ്റ് ബോക്സ് നമ്പർ - 5432
തിരുവനന്തപുരം, തീയതി- 11/04/2013
ഇ-മെയിൽ - Keraladca@gmail.com

---

**സർക്കുലർ നമ്പർ - 5/2013** **തീയതി- 11/04/2013**

---

വിഷയം:- സഹകരണ വകുപ്പ് - ആഡിറ്റ് - ആഡിറ്റ് ഫൈനലൈസ് ചെയ്യുന്നതിന് മുമ്പ് ഭരണസമിതിയുമായി ന്യൂനതാ സംഗ്രഹം ചർച്ച ചെയ്യുന്നത് - സംബന്ധിച്ച തുടർ നിർദ്ദേശങ്ങൾ.

സൂചന: - സഹകരണസംഘം രജിസ്ട്രാറുടെ 65/82, 12/97 സർക്കുലറുകൾ.

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ആഡിറ്റ് ന്യൂനതാ പരിഹരണ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനും ന്യൂനത സംഗ്രഹം തയ്യാറാക്കുന്നത് സംബന്ധിച്ചും ന്യൂനത സംഗ്രഹത്തിലെ പരാമർശങ്ങളിൽമേൽ ഭരണ വിഭാഗം സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സൂചന സർക്കുലറുകളിൽ സഹകരണ സംഘം രജിസ്ട്രാർ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

എന്നാൽ സഹകരണ വകുപ്പിന്റെയും ഇതര ഭരണ വകുപ്പുകൾക്കും കീഴിൽ വരുന്ന പ്രമുഖ സഹകരണ സ്ഥാപനങ്ങളിൽ പോലും ന്യൂനതാ പരിഹരണ രജിസ്റ്ററുകൾ സൂക്ഷിക്കുകയോ ആഡിറ്റ് പൂർത്തീകരിക്കുന്നതിന് മുമ്പായി ആഡിറ്റർമാർ ഭരണ സമിതിയുമായി ആഡിറ്റ് ന്യൂനതാ സംഗ്രഹം സംബന്ധിച്ച് ചർച്ച നടത്തുകയോ ചെയ്യുന്നില്ലെന്ന് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ആഡിറ്റ് ഫൈനലൈസ് ചെയ്യുന്നതിന് മുമ്പ് ആഡിറ്റർ നിർബന്ധമായും ആഡിറ്റ് ന്യൂനതകൾ ഭരണ സമിതിക്ക് രേഖാമൂലം നൽകി ചർച്ച ചെയ്തിരിക്കണം.

2. സ്ഥാപനങ്ങളിൽ ആഡിറ്റ് ന്യൂനതാ പരിഹരണ രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കുകയും ആഡിറ്റിൽ കണ്ടെത്തുന്ന ന്യൂനതകൾ യഥാസമയം തന്നെ ആഡിറ്റ് ന്യൂനതാ പരിഹരണ രജിസ്റ്ററിൽ രേഖപ്പെടുത്തി സംഘം ഭാരവാഹികളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അവരുടെ വിശദീകരണം രേഖാമൂലം ആവശ്യപ്പെടേണ്ടതുമാണ്.

3. ടെസ്റ്റ് ആഡിറ്റ് വേളയിൽ ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കേണ്ടതും മേൽ പറഞ്ഞവ പാലിക്കാത്ത ആഡിറ്റർമാർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ സർക്കുലർ നിർദ്ദേശങ്ങൾ ജോയിന്റ് ഡയറക്ടർമാർ, അസിസ്റ്റന്റ് ഡയറക്ടർമാർ എന്നിവർ തങ്ങളുടെ നിയന്ത്രണത്തിലുള്ള ആഡിറ്റർമാരുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

ഒപ്പ്

കെ.ജി. രാജു. ഐ.എ.എസ്
സഹകരണ ആഡിറ്റ് ഡയറക്ടർ

**ഉള്ളടക്കം:-** സഹകരണ രജിസ്ട്രാറുടെ 65/82 നമ്പർ സർക്കുലറിന്റെ പകർപ്പ്.

**പകർപ്പ്:-**

1. സഹകരണസംഘം രജിസ്ട്രാർ (ഉപരിപത്രം സഹിതം)
2. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
3. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
5. എല്ലാ അസിസറ്റന്റ് ഡയറക്ടർമാർക്കും (ജോയിന്റ് ഡയറക്ടർ മുഖേന)
6. അപെക്സ് സ്ഥാപനത്തിലെ കൺകറന്റ് ആഡിറ്റർമാർക്ക്
7. ഇ.പി.ആർ.ഒ
8. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി ഡയറക്ടർ